# പോലീസ് കേരളം വകുപ്പ്

**No. E2-21730/2018/W**

ജില്ലാ പോലീസ് ഓഫീസ്,
വയനാട്
✉spwynd.pol@kerala.gov.in
☏04936202525
തീയതി. 15-09-2020

**ലേല പരസ്യം**

പോലീസ് വകുപ്പിൻറെ ഉടമസ്ഥതയിലുള്ളതും, വയനാട് ജില്ലാ സായുധസേന ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും, ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന വകുപ്പ് വാഹനങ്ങൾ 2020 ഒക്ടോബർ മാസം 22-)o തീയതി രാവിലെ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വാഹനത്തിൻറെ രജിസ്ട്രേഷൻ നമ്പർ | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|
| 1 | KL 01 X 9863 M/c | 2002 | 225 |
| 2 | KL 01 X 9867 M/c | 2002 | 225 |
| 3 | KL 01 AH 5406 M/c | 2005 | 200 |
| 4 | KL 01 AH 5390 M/c | 2005 | 200 |
| 5 | KL 01 X 9865 M/c | 2002 | 225 |
| 6 | KL 01 X 9864 M/c | 2002 | 225 |
| 7 | KL 01 AH 1927 M/c | 2005 | 200 |
| 8 | KL 01 X 9866 M/c | 2002 | 225 |
| 9 | KL 01 AU 3896 Bolero Invader | 2008 | 5000 |
| 10 | KL 01 AS 7422 Bolero Invader | 2008 | 5000 |
| 11 | KL 01 AS 7466 Bolero Invader | 2008 | 5000 |
| 12 | KL 01 AG 9981 Jeep | 2005 | 9700 |
| 13 | KL 01 Z 743 BUS | 2002 | 9000 |
| 14 | KL 12 A 1718 BUS | 1998 | 7000 |
| 15 | KL 01 X 9986 BUS | 2002 | 9000 |
| 16 | KL 01 X 9356 LORRY | 2002 | 8000 |
| 17 | KL 01 X 9912 AMBULANCE | 2002 | 6000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മേൽ പറഞ്ഞ വാഹനങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടി വക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻ കൂട്ടി നേരിട്ടോ തപാൽ മാർഗമോ ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസുകൾ മുദ്രവെച്ച കവറിൽ 21.10.2020 തീയതി വൈകുന്നേരം 4.00 മണിക്കകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

E2-21730/2018/W

081115

ദർഘാസിനോടൊപ്പം വാഹനത്തിൻറെ നിരതദ്രവ്യമായി നിശ്ചയിച്ചിരിക്കുന്ന തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും വയനാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന തുകക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. ദർഘാസുകൾ അയക്കുന്ന കവറിനു പുറത്ത് പോലീസ് വകുപ്പ് വാഹനങ്ങളുടെ ലേലത്തിനുള്ള ദർഘാസ് എന്നെഴുതിയ കവർ മുദ്ര വെക്കേണ്ടതാണ്.

പരസ്യ ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതൽ, ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ലേലം ബന്ധപ്പെട്ടയാളുടെ പേരിൽ ഉറപ്പിക്കുന്നതായിരിക്കും. ലേലം കൊണ്ടയാൾ ഉടനെ തന്നെ ലേലം ദർഘാസ് തുകയുടെ പകുതി സംഖ്യ നിരത ദ്രവ്യം ഒഴികെ നികുതിയടക്കം ലേല സ്ഥലത്തു വച്ച് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക നികുതിയുൾപ്പെടെ ലേലം ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് തിയ്യതി മുതൽ 10 ദിവസത്തിനകം ഒടുക്കി സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്. മേൽ പറഞ്ഞ പ്രകാരം ലേലം ദർഘാസ് കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, വാഹനങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം ദർഘാസ് കൊണ്ടയാൾ ഉത്തരവാദിയാകുന്നതും, പുനർ ലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ലേലം ദർഘാസ് കൊണ്ടയാൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ജില്ലാ സായുധസേന ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും, ലേലം ചെയ്യാനുദ്ദേശിക്കുന്നതുമായ വാഹനങ്ങൾ ലേലത്തിനു മുൻപുള്ള 15 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ വയനാട് ജില്ലാ സായുധസേന വിഭാഗം അസി. കമാണ്ടൻറിൻറെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേല നടപടികൾ മാറ്റി വയ്ക്കാനോ, ലേലം ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്താനോ ഉള്ള പൂർണ്ണ അധികാരം വയനാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ഇളങ്കോ ആർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. സംസ്ഥാന പോലീസ് മേധാവി തിരുവനന്തപുരം, ഐജിപി നോർത്ത് സോൺ കോഴിക്കോട്, ഡിഐജി കണ്ണൂർ റേഞ്ച് കണ്ണൂർ എന്നിവരുടെ അറിവിലേക്ക്. 2. അസി. കമാണ്ടൻറ് ജില്ലാ സായുധസേന വയനാട്- ലേലത്തിനുള്ള നടപടി ക്രമങ്ങൾ ചെയ്യുന്നതിനായി. 3. ജില്ലയിലെ എല്ലാ ഓഫീസർമാരുടെയും അറിവിലേക്കും പരസ്യത്തിനുമായി. 4. എല്ലാ ജില്ലാ പോലീസ് മേധാവി മാർക്കും അനന്തര നടപടികൾക്കായി. 5. സൂപ്രണ്ട്, ഗവ.പ്രസ്സ്,തിരുവനന്തപുരം - കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി(ആമുഖ കത്ത് സഹിതം). 6. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം- പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി (ആമുഖ കത്ത് സഹിതം). 7. ജില്ലാ ഇൻഫർമേഷൻ ഓഫീസർ , വയനാട് - പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി (ആമുഖ കത്ത് സഹിതം).